

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്, തിരുവനന്തപുരം
ഓഡിറ്റ് റിപ്പോർട്ട് 2014-15, 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
Email: lfadtvm@yahoo.in & dotvm.ksad@kerala.gov.in

നം.കെ.എസ്.എ.റ്റി.വി.എം.മിസ്.1/48/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.
തീയതി : 27.01.2021

ഫോൺ 0471-2331231

e-mail- lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ.

സെക്രട്ടറി,
കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്,
അനന്തവിലാസം പാലസ്,
ഫോർട്ട്.പി.ഒ, തിരുവനന്തപുരം.

സർ,

വിഷയം: തിരുവനന്തപുരം ജില്ലയിലെ കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്, തിരുവനന്തപുരത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് അയയ്ക്കുന്നത് സംബന്ധിച്ച്.

*****

തിരുവനന്തപുരം ജില്ലയിലെ കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്, തിരുവനന്തപുരത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട് താങ്കളുടെ അറിവിലേയ്ക്കും അനന്തരനടപടികൾക്കുമായും അയയ്ക്കുന്നു. ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളിൻമേൽ രണ്ട് മാസത്തിനകം മറുപടി ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ.)
2) ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ.)
3) ഓഫീസ് കോപ്പി.

നം.കെ.എസ്.എ.റ്റി.വി.എം.മിസ്.1/48/2021 തീയതി :27.01.2021

കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്, തിരുവനന്തപുരത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ വാർഷിക കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

*****

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	ശ്രീ.മുഹമ്മദ് നിസാർ.എ. ജോയിന്റ് ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	17.12.2020 മുതൽ 28.12.2020വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം	ശ്രീ. മനേഷ്.ബി.എച്ച്, ഓഡിറ്റ് ഓഫീസർ. ശ്രീമതി സ്വപ്ന.ആർ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. ശ്രീമതി സീന.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ.
നിർവ്വഹണാധികാരികൾ	സെക്രട്ടറി- ശ്രീ. ബാബു കുഴിമറ്റം, (01.04.2014 മുതൽ 31.03.2016 വരെ)

ഭാഗം -1

പൊതു അവലോകനം

1-1 ആമുഖം

1955 ലെ തിരുവിതാംകൂർ-കൊച്ചി-ശാസ്ത്ര സാഹിത്യ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട് (രജി.നം.946/95 തീയതി 08.12.1995). ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്നത് ജനറൽ കൗൺസിലും എക്സിക്യൂട്ടീവ് കൗൺസിലുമാണ്.

സാംസ്കാരിക വകുപ്പ് മന്ത്രി ചെയർമാനായും സാംസ്കാരിക വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനുമായുള്ള ജനറൽ കൗൺസിലിൽ ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി സെക്രട്ടറി ഉൾപ്പെടെ രണ്ടു വിദഗ്ധരും, നാമനിർദ്ദേശം ചെയ്യപ്പെട്ട 9 മെമ്പർമാരുമാണുള്ളത്. എക്സിക്യൂട്ടീവ് കൗൺസിലിലുള്ള 9 മെമ്പർമാരിൽ ചെയർമാൻ, വൈസ് ചെയർമാൻ, സെക്രട്ടറി, വിദഗ്ധ മെമ്പർ, എം.എൽ.എ, എം.പി, ജനറൽ കൗൺസിലിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെട്ട രണ്ട് മെമ്പർമാർ, ജനറൽ കൗൺസിലിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരു മെമ്പർ എന്നിവർ ഉൾപ്പെട്ടിട്ടുണ്ട്.

ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പേര് സർക്കാർ ഉത്തരവ് നമ്പർ 180/2015/സാം.കാ.വാ തീയതി 11.06.2015 പ്രകാരം കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് എന്നാക്കി മാറ്റിയിട്ടുണ്ട്.

1-2 ലക്ഷ്യവും പ്രവർത്തനവും

സർക്കാർ വകുപ്പുകളും, സ്ഥാപനങ്ങളും പ്രസിദ്ധീകരിക്കുന്ന ബുക്കുകൾ ജനങ്ങളിലെത്തിക്കുക എന്നതാണ് സ്റ്റേറ്റ് ബുക്ക് മാർക്കിന്റെ പ്രധാന ലക്ഷ്യം. കൂടാതെ വിവിധ സ്ഥലങ്ങളിൽ പുസ്തകമേളകൾ, പുസ്തക പ്രദർശനങ്ങൾ എന്നിവ നടത്തി പുസ്തകങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കാനും അതുവഴി അവയുടെ വിൽപന കൂട്ടാനും നടപടികൾ സ്വീകരിച്ചു വരുന്നു.

1-3 ബജറ്റ്

2014-15, 2015-16 വർഷങ്ങളിലെ ബജറ്റ്, അക്കൌണ്ട്സ് എന്നിവ ഭരണസമിതി അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

1-4 വാർഷിക കണക്കുകളിലെ അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയ 2014-15, 2015-16 സാമ്പത്തികവർഷങ്ങളിലെ വാർഷിക കണക്കുകളിൽ അപാകതകൾ നിലനില്ക്കുന്നു. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

1)വരവ് - വാർഷിക കണക്ക്, സ്ഥാപനത്തിന്റെ രജിസ്റ്റർ പ്രകാരമുള്ള കണക്ക് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല

സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക കണക്കിലേയും വരവ് രജിസ്റ്ററിലെയും തുകകൾ ഗ്രാന്റ് ഒഴികെയുള്ളവ ചുവടെ ചേർക്കും പ്രകാരം വ്യത്യാസമുണ്ട്.

വർഷം	വാർഷികകണക്ക് പ്രകാരം	സ്ഥാപനം ഹാജരാക്കിയ വരവ് രജിസ്റ്റർ പ്രകാരം
2014-15	2,26,66,025/- (ഓഡിറ്റിനായി ആദ്യം സമർപ്പിച്ച കണക്ക് പ്രകാരം)	2,32,05,600/-
	2,32,26,123/- (ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ കണക്ക് പ്രകാരം)	
2015-16	7,41,88,071/-	7,41,42,973/-

2)ഭരണസമിതിയുടെ അംഗീകാരത്തിനായി തയ്യാറാക്കിയ വാർഷിക കണക്കുകളും ഓഡിറ്റിനായി ലഭ്യമാക്കിയ വാർഷികകണക്കുകളും ചുവടെ ചേർക്കും പ്രകാരം പൊരുത്തപ്പെടുന്നില്ല.

2014-15

ഇനം	ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക കണക്ക് പ്രകാരം (Receipt & Payment)	ഭരണസമിതി അംഗീകാരത്തിനായി അജണ്ട വച്ചത് പ്രകാരം (Receipt & Payment)
ഗവൺമെന്റ് ഗ്രാന്റ് വരവ്	50,00,000/-	40,00,000/-
പേയ്മെന്റ് റ്റു പബ്ലിഷേഴ്സ്	1,82,55,079/-	1,79,64,306/-
നീക്കിയിരിപ്പ്	35,30,036/-	28,20,809/-

2015-16

ഇനം	ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക കണക്ക് പ്രകാരം (Receipt & Payment)	ഭരണസമിതി അംഗീകാരത്തിനായി അജണ്ട വച്ചത് പ്രകാരം (Receipt & Payment)
മുന്നിരിപ്പ്	25,20,528/-	28,20,809/-
വരവ്	7,89,18,071/-	3,89,63,009/-

ചെലവ്	7,53,24,151/-	3,92,94,787/-
നീക്കിയിരിപ്പ്	63,84,448/-	24,89,031/-

മറ്റ് അപാകതകൾ

1)2014-15ലെ അക്കൌണ്ട്സ് അംഗീകരിച്ചിരിക്കുന്നത് 27.03.2015ലെ ഭരണസമിതി യോഗത്തിലാണ്. സാമ്പത്തിക വർഷം കഴിയാതെ വാർഷിക കണക്ക് അംഗീകരിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 02/17.12.2020) ഓരോ തവണ ഭരണസമിതി കൂടുമ്പോഴും അതുവരെയുള്ള കണക്കുകൾ അംഗീകരിക്കാറുണ്ടെന്ന അവ്യക്തമായ മറുപടിയാണ് ലഭ്യമാക്കിയത്.

2) 2015-16ലെ അക്കൌണ്ട്സ് അംഗീകരിക്കാനായി ഭരണസമിതിയിൽ അജണ്ട വച്ചത് 25.11.2015ലെ യോഗത്തിലാണ്. അജണ്ടയുടെ ആദ്യ ഭാഗത്ത് 14-15 വർഷത്തേതെന്ന് രേഖപ്പെടുത്തുകയും അജണ്ടയോടോപ്പം 15-16 വർഷത്തെ അക്കൌണ്ട്സ് അനുബന്ധമായി ചേർക്കുകയും ചെയ്തിട്ടുണ്ട്. 25.11.2015ലെ യോഗ തീരുമാനങ്ങളൊന്നും മിനിട്സിൽ രേഖപ്പെടുത്താത്തതിനാൽ അക്കൌണ്ട്സ് അംഗീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 02/21.12.2020ന്റെ മറുപടിയിൽ മേൽ അപാകതക്കുള്ള വിശദീകരണം ഉൾപ്പെടുത്തിയിട്ടില്ല.

1-5 ക്യാഷ് ബുക്ക് ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല

കേരള ട്രഷറി കോഡ് 92(എ) പ്രകാരം സ്ഥാപനത്തിന്റെ എല്ലാ പണമിടപാടുകളും അതാതു ദിവസങ്ങളിൽ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്.

TR-7 A മാതൃകയിലുള്ള ക്യാഷ് ബുക്കാണ് പരിപാലിച്ചിട്ടുള്ളതെങ്കിലും സ്ഥാപനത്തിന് ലഭിക്കുന്ന വരവുകൾ കൃത്യമായി ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. സ്ഥാപനത്തിന്റെ വിവിധ ബ്രാഞ്ചുകളിൽ നിന്നുള്ളതും, മൊബൈൽ യൂണിറ്റുകൾ മുഖാന്തിരമുള്ളതുമായ പുസ്തകവിറ്റ്-വരവ്, ഡി.ഡി. യായി സ്ഥാപനത്തിനു ലഭിക്കുന്ന വരവുകൾ, സ്ഥാപനത്തിന്റെ മറ്റ് ചെലവ് വിശദാംശങ്ങൾ എന്നിവയൊന്നും ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ഓരോ മാസവും സ്ഥാപനത്തിന്റെ ദൈനംദിന ചെലവിനായി പിൻവലിക്കുന്ന 25,000/- രൂപയുടെ ചെലവ് വിശദാംശങ്ങൾ മാത്രമാണ് ക്യാഷ്ബുക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എല്ലാ വരവ് - ചെലവുകളും 'പി.ഡി. രജിസ്റ്റർ' എന്ന പേരിലുള്ള രജിസ്റ്ററിലാണ് എഴുതി സൂക്ഷിച്ചിട്ടുള്ളത്.

റ്റി.ആർ.7 A മാതൃകയിൽ വരും വർഷങ്ങളിൽ ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതും വരവ് ചെലവ് കണക്കുകൾ കൃത്യമായും രേഖപ്പെടുത്തി ക്യാഷ് ബുക്ക് ദിനാന്ത്യ, മാസാന്ത്യ, വാർഷിക ക്ലോസിംഗ് നടത്തി റീകൺസിലിയേഷൻ നടത്തി (ക്യാഷ് ബുക്ക്-പാസ്സ് ബുക്ക്)സൂക്ഷിക്കേണ്ടതുമാണ്.

1-6 ഭരണസമിതി / നിർവ്വാഹക സമിതി യോഗങ്ങൾ

ബുക്ക്മാർക്കറ്റിംഗ് സൊസൈറ്റിയുടെ Memorandum ചട്ടം 4 പ്രകാരം സ്ഥാപനത്തിന് ജനറൽ കൗൺസിൽ എന്ന പൊതുസഭയും, എക്സിക്യൂട്ടീവ് ബോർഡ് എന്ന നിർവാഹക സമിതിയും ഉണ്ടാകേണ്ടതും, ചട്ടം 7 പ്രകാരം പൊതുസഭ സാധാരണയായി വർഷത്തിലൊരിക്കൽ യോഗം ചേരേണ്ടതുമാണ്.

2016-2017 വർഷത്തിൽ ഭരണസമിതി യോഗം കൂടിയിട്ടില്ല. പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 03.06.2017ൽ സ.ഉ.(സാധാ) നം.371/2017/സാം.കാ.വ. ഉത്തരവ് പ്രകാരമാണ് ഭരണസമിതി രൂപീകരിച്ചിട്ടുള്ളതെന്നും ഭരണസമിതി നിലവിലില്ലാതിരുന്നതിനാലാണ് 2016-2017 വർഷം യോഗം ചേരാതിരുന്നതെന്നുമാണ് വിശദീകരണം (ഓഡിറ്റ് എൻകയറി നമ്പർ 01/17.12.20ന്റെ മറുപടി) ലഭ്യമാക്കിയത്.

1-7 ആഭ്യന്തര നിയന്ത്രണം

ശരിയായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അഭാവത്താൽ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ ചുവടെ ചേർക്കുന്ന വീഴ്ചകളുണ്ടായിട്ടുണ്ട്. പ്രസ്തുത അപാകതകൾ പരിഹരിച്ച് സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

1. വാർഷികകണക്കുകൾ യഥാവിധി തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരം വാങ്ങി യഥാസമയം ഓഡിറ്റിന് ഹാജരാക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ട്.

2. വരവ് ചെലവ് കണക്കുകൾ കൃത്യമായും രേഖപ്പെടുത്തി റ്റി.ആർ.7 A മാതൃകയിലുള്ള ക്യാഷ് ബുക്കിൽ ദിനാന്ത്യ, മാസാന്ത്യ, വാർഷിക ക്ലോസിംഗും റീകൺസിലിയേഷനും നടത്തി സൂക്ഷിച്ചിട്ടില്ല.

3. പുസ്തകങ്ങൾ വിൽക്കുമ്പോഴുള്ള ക്രെഡിറ്റ് തുക ലഭിക്കുന്നതിന്റെയും ക്രമീകരിക്കുന്നതിന്റെയും വിശദാംശങ്ങൾ രജിസ്റ്ററിൽ എഴുതി

സൂക്ഷിച്ചിട്ടില്ല.

4. ബ്രാഞ്ചുകളിൽ നിന്നുള്ള വരവ് കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

5. ഓരോ പ്രസാധകരിൽ നിന്നും വാങ്ങുന്ന പുസ്തകങ്ങൾ ഡിസ്കൌണ്ടിൽ വിതരണം ചെയ്തതിന് ശേഷമുള്ള വരവ് കണക്കാക്കുന്നതിന് പ്രത്യേക സംവിധാനമില്ല. വിവിധ ബ്രാഞ്ചുകളിലെയും ഹെഡ് ഓഫീസിലെയും സ്റ്റോക്കും വിതരണവും ഏകോപിപ്പിച്ച് നിരീക്ഷിക്കുന്നില്ല.

6. രേഖകളും വൗച്ചറുകളും സൂക്ഷിക്കുന്നതിൽ കൃത്യതയില്ല.
7. മൊബൈൽ യൂണിറ്റ് മുഖേനയുള്ള പുസ്തക വില്പന അക്കൌണ്ട് ചെയ്യുന്നതിന്റെയും വിറ്റുവരവ് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന്റെയും നടപടിക്രമങ്ങളും ഇതിന് ചുമതലപ്പെടുത്തിയ ജീവനക്കാരുടെ വിശദാംശവും ലഭ്യമാക്കിയില്ല.

ഭാഗം –2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 സർക്കാർ ഗ്രാന്റ്

1. 2014-15 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിനു 50,00,000/- രൂപയുടെ ഗ്രാന്റ് ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഗ്രാന്റ് ലഭിച്ച ഉത്തരവ്	തുക	ട്രഷറിയിൽ വരവ് വന്ന തീയതി
1	GO(Rt) No.501/2014/CAD 06.11.2014	15,00,000/-	13.11.2014
2	GO(Rt) No.46/15/CAD 29.01.2015	25,00,000/-	11.02.2015
3	GO(Rt) No.148/15/CAD 24.03.2015	10,00,000/-	26.03.2015
	ആകെ	**50,00,000/-**	

2. 2015-16 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിനു 50,00,000/- രൂപയുടെ ഗ്രാന്റ് ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഗ്രാന്റ് ലഭിച്ച ഉത്തരവ്	തുക	ട്രഷറിയിൽ വരവ് വന്ന തീയതി
1	GO(Rt) No.356/2015/CAD 24.07.2015	15,00,000/-	11.08.2015
2	GO(Rt) No.493/2015/CAD 28.09.2015	20,00,000/-	14.10.2015
3	GO(Rt) No.627/2015/CAD 19.12.2015	15,00,000/-	16.01.2016
	ആകെ	**50,00,000/-**	

2-2 രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

ചുവടെപ്പറയുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

എ) 2014-15 വർഷം വിവിധ ബ്രാഞ്ചുകളുടെയും മൊബൈൽ യൂണിറ്റുകളുടെയും വിറ്റുവരവ് ബുക്ക് മാർക്കിൽ ഒടുക്കിയതിന്റെ രേഖകൾ.

ബി) ഏപ്രിൽ 2014 മുതൽ ഓഗസ്റ്റ് 2014 വരെയുള്ള ബ്രാഞ്ച് സ്റ്റേറ്റ്മെന്റ് രജിസ്റ്റർ.

സി) 2015-16 വർഷത്തെ കായംകുളം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, മഞ്ചേരി, സുൽത്താൻ ബത്തേരി എന്നീ ബ്രാഞ്ചുകളിൽ നിന്നുള്ള വരവ്, ബസ്-2, ബസ്-3 എന്നിവയുടെയും വിറ്റുവരവ് ബുക്ക് മാർക്കിൽ ഒടുക്കിയതിന്റെ രേഖകൾ.

രേഖകളുടെ അഭാവത്തിൽ വിറ്റുവരവിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 04/21.12.2020 ന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകൾ ഓഡിറ്റിന് വിധേയമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2-3 വി.ജെ.റ്റി ബ്രാഞ്ച് വിറ്റുവരവ് അക്കൌണ്ടിംഗ്- വിറ്റുവരവിന്റെ കണക്കുകൾ ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം പൊരുത്തപ്പെടുന്നില്ല

ബുക്ക് മാർക്ക് ലഭ്യമാക്കിയ ബ്രാഞ്ച് സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ വി.ജെ.റ്റി. ബ്രാഞ്ചിൽ നിന്നുള്ള ഓരോ മാസത്തെയും വരവ് തുകയും ഒടുക്ക് തുകയും പൊരുത്തപ്പെടുന്നില്ല. ക്രെഡിറ്റ് വില്പനയിൽ ലഭിക്കുന്ന തുകയിൽ നിന്ന് നേരിട്ട് ചെലവഴിക്കുകയും, ബാക്കി തുക ഒടുക്കു വരുത്തുകയുമാണ് ചെയ്യു വരുന്നത്.

ക്രമ നം.	മാസം	വിറ്റുവരവ് (ഡിസ്കൌണ്ട് കുറച്ച്)	തൻമാസ ചെലവ്	ചെലവ് കഴിച്ച് ഒടുക്കേണ്ട തുക	ഒടുക്കിയ തുക	വ്യത്യാസം	റിമാർക്സ്
1	10/2014	112478	1894	110584	85584	25000	കുറവ്
2	12/2014	176338	2716	173622	45417	128205	കുറവ്
3	01/2015	61568	1049	60519	29519	31000	കുറവ്
4	02/2015	109260	2320	106940	29680	77260	കുറവ്
5	03/2015	146126	1476	144650	219096	74556	കൂടുതൽ
6	04/2015	41195	6380	34815	24035	10780	കുറവ്
7	05/2015	29926	7174	22752	107752	85000	കൂടുതൽ
8	02/2016	72091	133	70753	35541	35212	കുറവ്

ക്രെഡിറ്റിന് പുസ്തകങ്ങൾ വിൽക്കുമ്പോൾ പ്രസ്തുത തുക കൂടി അതാത് മാസത്തെ വില്പന സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്താറുണ്ടെന്നും ക്രെഡിറ്റ് തുക ലഭിക്കുന്ന മുറക്ക് അടക്കാറുണ്ടെന്നും അതിൻപ്രകാരമുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ കൃത്യമായി ബ്രാഞ്ചുകളിൽ സൂക്ഷിക്കാറുണ്ടെന്നുമാണ് വിശദികരണം(ഓഡിറ്റ് എൻക്വയറി നമ്പർ 01/17.12.2020ന്റെ മറുപടി). എന്നാൽ വ്യത്യാസമുള്ള തുകകൾ തുടർന്നുള്ള മാസങ്ങളിൽ ക്രമീകരിക്കുന്നതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ വ്യത്യാസമുള്ള 2,97,013/-രൂപ (382013-85000) ഒടുക്കു വരുത്തി വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2-4 ബ്രാഞ്ചുകളിൽ നിന്നുള്ള വരവ് കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല

ബുക്ക് മാർക്കിന്റെ വിവിധ ബ്രാഞ്ചുകൾ, മൊബൈൽ യൂണിറ്റുകൾ എന്നിവ മുഖാന്തിരം 2014-15, 2015-16 എന്നീ വർഷങ്ങളിലുള്ള വിറ്റ് വരവ് തുക ട്രഷറിയിൽ ഒടുക്കിയതിന്റെ വിവരങ്ങൾ ട്രഷറി സ്റ്റേറ്റ്മെന്റിലെ വ്യക്തമായ രേഖപ്പെടുത്തലിന്റെ അഭാവത്തിൽ പരിശോധിക്കാനായിട്ടില്ല. വിവിധ ബ്രാഞ്ചുകൾ, എക്സിബിഷനുകൾ, പ്രദർശന വാഹനങ്ങൾ എന്നിവയിൽ നിന്നുമുള്ള വിറ്റു വരവ് അക്കൌണ്ട് ചെയ്യുന്നതിൽ അപാകം നിലനില്ക്കുന്നു. പ്രസ്തുത വിറ്റ് വരവിൽ നിന്നും ചെലവുകൾ നിർവഹിച്ച ശേഷം നീക്കിയിരുപ്പുള്ള തുകയാണ് വരവായി ബുക്ക്മാർക്കിലേക്ക് (ക്യാഷ്/ഡിഡി/ചെക്ക്) ഒടുക്കുന്നത്. ആയത് അക്കൗണ്ടിംഗ് ചട്ടങ്ങൾക്ക് (കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 7) വിരുദ്ധമാണ്. ഇപ്രകാരം വരവിൽനിന്ന് നേരിട്ട് ചെലവ് നടത്തുന്നതിനാൽ യഥാർത്ഥ വരവ് കൃത്യമായി അക്കൗണ്ട് ചെയ്യാൻ കഴിയാതെ വരുന്നു. ആയതിനാൽ സ്ഥാപനത്തിന്റെ ആകെ വാർഷിക വിറ്റ് വരവ് എത്രയെന്ന് കൃത്യമായി കണക്കാക്കാനോ, ഓരോ ബ്രാഞ്ചിൽ നിന്നുള്ള ലാഭ വിഹിതം എത്രയെന്ന്പരിശോധിക്കാനോ കഴിയുന്നില്ല.

ഏതാനും ഉദാഹരണങ്ങൾ ചുവടെചേർക്കുന്നു.

ക്രമ നം.	ബ്രാഞ്ച്	മാസം	വിറ്റ് വരവ് തുക (ഡിസ്കൗണ്ടിന് ശേഷം)	തൻമാസ ചെലവ്	ബുക്ക് മാർക്കിൽ ഒടുക്കിയ തുക	ഡി.ഡി നമ്പർ/ തുക
1	പാലക്കാട്	ഏപ്രിൽ 2015	196185	2982	193203	276665/04.05.15 തുക 6208
						906036/30.03.015 തുക50000
						058151/06.04.15 തുക48355

						058166/06.04.15 തുക 20000
						058150/06.04.15 തുക 68640
2	കട്ടപ്പന	നവംബർ 2015	56000	677	4923	844360/01.12.15
3	തിരുവല്ല	സെപ്റ്റംബർ 2014	8315	1592	6723	054950/08.10.14
4	കായംകുളം	ജൂൺ 2015	8140	1490	6650	830148/03.07.15
5	കോട്ടയം	ഒക്ടോബർ 2014	8504	1873	6631	120026/04.11.14

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻകയറി നമ്പർ 04/21.12.2020 ന് മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകത അടിയന്തിരമായി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും, ദൈനംദിന ചെലവുകൾക്കായി ചെറിയ തുക അഡ്വാൻസ്/ഇംപ്രസ്റ്റ് ഇനത്തിൽ നല്കേണ്ടതും, അഡ്വാൻസ് തുകയുടെ വിനിയോഗം കൃത്യമായി പരിശോധിക്കേണ്ടതും വരവിൽ നിന്നും ചെലവ് നിർവഹിക്കുന്നത് ഒഴിവാക്കേണ്ടതുമാണ്.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ചെലവ് രേഖകൾ ഹാജരാക്കിയില്ല

സ്ഥാപനം 2014-15 സാമ്പത്തിക വർഷം നടത്തിയ ചെലവുകളുടെ രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. 2015-16 വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്നവയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ചെലവിനം	തുക	ചെക്ക് നമ്പർ / തീയതി	ചെക്ക് പ്രകാരമുള്ള തുക
RMSA ചെലവുകൾ	2551/-	3233999/ 29.04.2015	580277/-
ബ്രാഞ്ചുകളുടെ മാസചെലവിനുള്ള തുക	50000/-	3436673/ 27.02.2016	517073/-
ICDS പ്രോജക്ടിനായുള്ള തുക	50000/-	3436674/ 27.02.2016	388707/-
ICDS പ്രോജക്ടിനായുള്ള തുക	50000/-	3436689/ 25.03.2016 3436990/ 26.03.2016	528528/- 45197/-
വിവിധ പഞ്ചായത്തുകളിൽ പുസ്തകവിതരണം നടത്തുന്നതിനായി	25000/-		
ബ്രാഞ്ചുകളുടെ മാസചെലവിനുള്ള തുക	50000/-		
ജില്ലാ പഞ്ചായത്ത് പ്രോജക്ട്	25000/-		
വിവിധ ബ്രാഞ്ചുകളുടെ മാർച്ച് മാസ ചെലവിനുള്ള തുക	40000/-		

മേൽ പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നമ്പർ 08/23.12.2020), 2014-15, 2015-16 വർഷങ്ങളിലെ വൗച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ പ്രസ്തുത രേഖകൾ ലഭ്യമാക്കിയില്ല. അതിനാൽ ചെലവിന്റെ ആധികാരികത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

3-2 ചെക്കുകളുടെ പരിപാലനത്തിലെ അപാകതകൾ

2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ സ്ഥാപനം നൽകിയ ചെക്കുകളുടെ കൗണ്ടർഫോയിലും രജിസ്റ്ററും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ചെക്കിന്റെ കൗണ്ടർഫോയിലിൽ തുക രേഖപ്പെടുത്തിയിട്ടില്ല.

ചെക്ക് നമ്പർ	തീയതി	സ്ഥാപനത്തിന്റെ പേര്
2896300	07.05.2014	നാഷണൽ ബുക്ക് സ്റ്റാൾ
3233935	രേഖപ്പെടുത്തിയിട്ടില്ല	ഗ്ലോബൽ ഹെൽത്ത് കെയർ
3233965	12.03.2015	എക്യുമിനിക്കൽ ബുക്ക് സർവ്വീസസ്
3706470	27.07.2015	സെക്രട്ടറി ,കേരള സംസ്ഥാന ബുക്ക് മാർക്ക്

2. ക്യാൻസൽ ചെയ്യാതെ ചെക്ക് ലീഫ് സൂക്ഷിച്ചിരിക്കുന്നു.

ചെക്ക് നമ്പർ	തീയതി	സ്ഥാപനത്തിന്റെ പേര്	തുക
3436633	14.12.2015	ദ്രോണാചാര്യ പബ്ലിക്കേഷൻസ്	18115/-
3436636	14.12.2015	സി.ബി.എസ് പബ്ലിക്കേഷൻസ്	1824781/-
3436642	14.12.2015	എക്യുമിനിക്കൽ ബുക്ക് സർവ്വീസസ്	6075/-
3436643	14.12.2015	ഫ്രണ്ട് ലൈൻ പബ്ലിക്കേഷൻസ്	3572/-

3. 25.11.2015 ൽ 3436627-ാം നമ്പർ ചെക്ക് പ്രകാരം 13360/-രൂപ സെക്രട്ടറി, കേരള സംസ്ഥാന ബുക്ക് മാർക്കിന് നൽകിയിരിക്കുന്നു. എന്നാൽ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം 13306/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

4.ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല

ചെക്ക് നമ്പർ	തീയതി	ചെക്ക് കൈപ്പറ്റിയ വ്യക്തി	തുക
3706437	രേഖപ്പെടുത്തിയിട്ടില്ല	സെക്രട്ടറി,കെ.എസ്.ബി.എം	4600000/-
3706438	രേഖപ്പെടുത്തിയിട്ടില്ല	സെക്രട്ടറി,കെ.എസ്.ബി.എം	2034418/-
3706401	29.04.2015	സെക്രട്ടറി,കെ.എസ്.ബി.എം	104084/-
3706439	29.05.2015	സെക്രട്ടറി,കെ.എസ്.ബി.എം	593241/-
3706440	29.05.2015	സെക്രട്ടറി,കെ.എസ്.ബി.എം	151990/-

ചെക്കുകൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

3-3 പുസ്തകങ്ങളുടെ വാങ്ങൽ, വിതരണം

വിവിധ പ്രസാധകരിൽ നിന്നും പുസ്തകങ്ങൾ വാങ്ങി ബ്രാഞ്ചുകളിലേക്കും, സ്കൂളുകൾ, മദ്രസകൾ മുതലായ സ്ഥാപനങ്ങളിലേക്കും വ്യക്തികൾക്ക് നേരിട്ടും വിതരണം ചെയ്യുന്നു.

പുസ്തകങ്ങൾ ബുക്ക് മാർക്കിന്റെ ഹെഡ് ഓഫിസിൽ സ്റ്റോക്കിലെടുത്ത് ബ്രാഞ്ചുകളിലേക്ക് വിതരണം ചെയ്യുന്നതിന്റെയും ബ്രാഞ്ചുകളിലെ സ്റ്റോക്ക് / വിതരണത്തിന്റെയും വിശദമായ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. ഓരോ പ്രസാധകരിൽ നിന്നും വാങ്ങുന്ന പുസ്തകങ്ങൾ ഡിസ്കൗണ്ടിൽ വിതരണം ചെയ്തതിന് ശേഷമുള്ള വരവ് കണക്കാക്കുന്നതിന് പ്രത്യേക സംവിധാനമില്ല. വിവിധ

ബ്രാഞ്ചുകളിലെയും ഹെഡ് ഓഫീസിലെയും സ്റ്റോക്കും വിതരണവും ഏകോപിപ്പിച്ച് നിരീക്ഷിക്കുന്നില്ല. ബ്രാഞ്ചുകളിൽ നിന്നുള്ള വിറ്റുവരവ് അക്കൌണ്ട് ചെയ്യുന്നതിൽ വ്യത്യാസമുണ്ട്.

3-4 പുസ്തകമേള – ചെലവ് രേഖകളില്ല

2014-15, 2015-16 വർഷങ്ങളിൽ വിവിധ പുസ്തക മേളകൾ സംഘടിപ്പിച്ചതിനായി യഥാക്രമം 354248, 569563 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, പ്രസ്തുത വർഷങ്ങളി. നടത്തിയ അന്താരാഷ്ട്ര പുസ്തക മേളകളൾപ്പെടെയുള്ള പുസ്തകമേളകളുടെ വിശദാംശങ്ങളും ചെലവ് രേഖകളും പരിശോധനക്ക് ലഭ്യമാക്കിയില്ല. വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 03/17.12.20) മറുപടി ലഭ്യമാക്കിയില്ല. പുസ്തക മേളകളുടെ വിശദാംശവും കൃത്യമായ ചെലവ് രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3-5 പുസ്തകങ്ങളുടെ സ്റ്റോക്ക് പരിപാലനം - അപാകതകൾ

സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും സ്വകാര്യ പ്രസാധകരും പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ ഡിസ്കൌണ്ട് നിരക്കിൽ ജനങ്ങളിലെത്തിക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് പുസ്തകങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള സംവിധാനമില്ല.

2014-15, 2015-16 വർഷങ്ങളിൽ പുസ്തകങ്ങളുടെ ആവശ്യകത നിർണയം, വാങ്ങൽ, സ്റ്റോക്ക് പരിപാലനം, ബ്രാഞ്ചുകളിലേക്കുള്ള വിതരണം, ബ്രാഞ്ചുകളിലെ സ്റ്റോക്ക് - വിതരണം എന്നിവയുടെ നടപടികളും സ്റ്റോക്ക്, വിതരണം, വിറ്റുവരവിന്റെ ഒടുക്ക് എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന്റെയും വിശദാംശങ്ങളും ലഭ്യമാക്കിയില്ല.

നിലവിൽ അപര്യാപ്തമായ സൌകര്യങ്ങളിൽ പ്രവർത്തിക്കുന്ന ബുക്ക് മാർക്കിന് 2015-16 വർഷത്തെ ബജറ്റിൽ കേന്ദ്ര ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് 1,10,00,000/- രൂപ വകയിരുത്തിയിരുന്നു. സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കിയില്ല.

വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 03/17.12.20) മറുപടി ലഭ്യമാക്കിയില്ല.

പുസ്തകങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുതകുന്ന വിധത്തിലുള്ള അടിസ്ഥാന സൌകര്യ വികസനത്തിന് സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നതിനുള്ള നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

3-6 ലോഗ് ബുക്ക് പരിപാലനം

സ്ഥാപനത്തിന്റെ ഉടമസ്ഥതയിൽ 6 വാഹനങ്ങളാണുള്ളത്.

രജിസ്ട്രേഷൻ നമ്പർ	വാഹനം
KL01AW 3772	ബസ്
KL01BA7764	ബസ്
KL01BM7828	കാർ
KL01AV7992	കാർ
KL01BA7706	ബസ്
KL01BG7850	ട്രാവലർ

ലഭ്യമാക്കിയ ലോഗ് ബുക്കുകളിലൊന്നിലും ഇന്ധനക്ഷമത പരിശോധന സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല.

ലോഗ് ബുക്ക് പിരപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

3-7 പാക്കിംഗ് മെഷീൻ വാങ്ങൽ – ചെലവ് രേഖകളില്ല

പുസ്തകങ്ങൾ പായ്ക്ക് ചെയ്യുന്നതിന് പാക്കിംഗ് മെഷീൻ വാങ്ങുന്നതിനായി 14-15 വർഷം ചുവടെ ചേർക്കും പ്രകാരം ചെലവ് നടത്തിയിട്ടുണ്ട്.

ചെക്ക് നമ്പർ	തുക
3293556/16.07.2014	37317
3293581/30.08.2014	10710

ആകെ	48027

എന്നാൽ സെമി ഓട്ടോമാറ്റിക് സ്റ്റാപ്പിംഗ് മെഷീനായുള്ള ഏതാനും ക്വട്ടേഷൻ മാത്രമാണ് ലഭ്യമാക്കിയത്. പ്രസ്തുത ചെലവുകളുമായി ബന്ധപ്പെട്ട ഫയൽ, അനുബന്ധ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. വിശദാകരണമാവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 09/28.12.2020) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ 48027 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഭാഗം –4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

2013-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4-1, ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-4എന്നിവ കാണുക. ലഭ്യമാക്കിയ വാർഷിക കണക്കുകൾ താല്കാലികമായി അംഗികരിച്ചുകൊണ്ടുള്ള സാമ്പത്തിക നില ചുവടെ ചേർക്കുന്നു.

	2014-15	2015-16
മുന്നിരിപ്പ്	7,73,229	25,20,528
വരവ്	28,22,6123	79,18,8071
ആകെ	2,89,99,352	8,17,08,599
ചെലവ്	2,64,78,824	75,32,4151
നീക്കിയിരിപ്പ്	25,20,528	63,84,448

4-2 ഓഡിറ്റ് ചാർജ്ജ്

2014-15

സ്ഥാപനം ഹാജരാക്കിയ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള

2014-15 ലെ ആകെ വരവ് : 2,82,26,123/-രൂപ

കുറയ്ക്കുക

ഗവ.ഗ്രാന്റ് – 50,00,000/-രൂപ

സെക്യൂരിറ്റി ഡെപ്പോസിറ്റ് – 75,000/-രൂപ

ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ് : 2,31,51,123/-രൂപ

ഓഡിറ്റ് ചാർജ്ജ് 1% നിരക്കിൽ : 2,31,511/-രൂപ

31.03.2014 വരെ ഒടുക്കുവാൻ അവശേഷിക്കുന്ന തുക : 27,82,987/-രൂപ

31.03.2015 വരെ ഒടുക്കുവാൻ അവശേഷിക്കുന്ന ആകെ ഓഡിറ്റ് ചാർജ്ജ് : 30,14,498/-രൂപ

2015-16

സ്ഥാപനം ഹാജരാക്കിയ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള

2015-16ലെ ആകെ വരവ് : 7,91,88,071/-രൂപ

കുറയ്ക്കുക

ഗവ.ഗ്രാന്റ് – 50,00,000/-രൂപ

സെക്യൂരിറ്റി ഡെപ്പോസിറ്റ് – 3,00,000/-രൂപ

ഓഡിറ്റ് ചാർജ്ജ് കണക്കാക്കാവുന്ന വരവ് : 7,38,88,071/-രൂപ

ഓഡിറ്റ് ചാർജ്ജ് 1% നിരക്കിൽ : 7,38,881/-രൂപ

31.03.2015 വരെ ഒടുക്കുവാൻ അവശേഷിക്കുന്ന തുക : 30,14,498/-രൂപ

31.03.2016 വരെ ഒടുക്കുവാൻ അവശേഷിക്കുന്ന ആകെ ഓഡിറ്റ് ചാർജ്ജ് : 37,53,379/-രൂപ

ഓഡിറ്റ് ചാർജ്ജ് വർഷം തിരിച്ചുള്ള വിവരങ്ങൾ

വർഷം	തുക
2010-11 വരെ	19,43,081/-
2011-12	2,92,228/-
2012-13	1,60,865/-
2013-14	3,86,813/-
2014-15	2,31,511/-
2015-16	7,38,881/-
ആകെ	**37,53,379/-**

2015-16 വരെയുള്ള ഓഡിറ്റ് ഫീസ് "0070-60-110-99 ഓഡിറ്റ് ചാർജ്ജ് "എന്ന ശീർഷകത്തിൽ ഒടുക്കി ഒറിജിനൽ ചെലാൻ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയക്കേണ്ടതാണ്.

4-3 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

	2014-15	2015-16
ആകെ വരവ്	2,82,26,123/-	7,91,88,071/-
ആകെ ചെലവ്	2,64,78,824/-	7,53,24,151/-
നിരാകരിച്ച തുക	ഇല്ല	ഇല്ല
തടസ്സപ്പെടുത്തിയ തുക	48,027/-	ഇല്ല

ബി) സ്ഥാപനത്തിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-7	48,027/-	ശ്രീ. ബാബു കുഴിമറ്റം, സെക്രട്ടറി

4-4 അനുബന്ധ പത്രികകൾ

കേരള സംസ്ഥാന ബുക്ക് മാർക്കിന്റെ വരവ് ചെലവ് രേഖകൾ യഥാവിധി സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ വാർഷിക കണക്കുകൾ താല്കാലികമായി അംഗീകരിച്ചുകൊണ്ട് തയ്യാറാക്കിയ വരവ് ചെലവ് പത്രികകളും ഓഡിറ്റ് സർട്ടിഫിക്കറ്റും അനുബന്ധമായി

ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

അനുബന്ധം 1

2014-15 വർഷത്തെ വരവ് ചെലവ് പത്രിക

കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്, തിരുവനന്തപുരം

2014-15 വർഷത്തെ വരവ് ചെലവ് പത്രിക

രസീത്	തുക	ചെലവ്	തുക
മുന്നിരിപ്പ്	7,73,229/-	Salary	52,36,419/-
Sales collection	2,31,51,123/-	Other estt.expense	3,12,955/-
Govt Grant	50,00,000/-	Rent	6,54,702/-
Security Deposit	75,000/-	HO Expense	3,00,000/-
		Payment to publishers	1,85,85,805/-
		Advance	2,29,824/-
		Meeting expense	69,293/-
		Mis.Expense	3,26,264/-
		Vehicle expense	1,68,431/-
		Mela	3,54,148/-
		Security Deposit return	1,00,000/-
		Pension/Medical reimbursement	1,20,983/-
		Award	20,000/-
		നീക്കിയിരിപ്പ്	25,20,528/-
ആകെ	**2,89,99,352/-**	**ആകെ**	**2,89,99,352/-**

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജല്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

അനുബന്ധം 2

2015-16 വർഷത്തെ വരവ് ചെലവ് പത്രിക

കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്, തിരുവനന്തപുരം

2015-16 വർഷത്തെ വരവ് ചെലവ് പത്രിക

വരവ്	തുക	ചെലവ്	തുക

മുന്നിരിപ്പ്	25,20,528/-	Salary	67,56,776/-
Sales collection	7,38,88,071/-	Other estt.expense	18,18,985/-
Govt Grant	50,00,000/-	Rent	6,68,358/-
Security Deposit	3,00,000/-	HO Expense	3,00,000/-
		Payment to publishers	6,43,84,971/-
		Advance	81,253/-
		Meeting expense	97,922/-
		Mis.Expense	4,27,179/-
		Vehicle expense	2,19,144/-
		Mela	5,69,563/-
		നീക്കിയിരിപ്പ്	63,84,448/-
ആകെ	**8,17,08,599/-**	**ആകെ**	**8,17,08,599/-**

,

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

അനുബന്ധം 3
ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.റ്റി.വി.എം.മിസ്.1/48/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.
തീയതി :27.01.2021

ഫോൺ 0471-2331231

e-mail- lfadtvm@yahoo.in

കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്, തിരുവനന്തപുരത്തിന്റെ 2014-15, 2015-16 എന്നീ സാമ്പത്തികവർഷങ്ങളിലെ വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കി. ഇത് സംബന്ധിച്ച നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

R.29.1.21